# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **2240** — 20.06.2012-ൽ മറുപടിക്ക്

### മങ്കട, പുഴക്കാട്ടിരി സി.എച്ച്.സി കളിലെ തസ്തികകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റ്റി.എ.അഹമ്മദ് കബീർ : | ശ്രീ.വി.എസ്.ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന് (സി.എച്ച്.സി) വേണ്ട സ്റ്റാഫ് പാറ്റേൺ (ഡോക്ടർമാരടക്കം) എത്രയെന്ന് വ്യക്തമാക്കാമോ ; | (എ) ഡോക്ടർ-5 സ്പെഷ്യലിസ്റ്റുകളും, 2 നോൺ സ്പെഷ്യലിസ്റ്റുകളും അടക്കം ആകെ 7 പേർ, സ്റ്റാഫ് നേഴ്സ്-12, ഫാർമസിസ്റ്റ്-2, ലാബ് ടെക്നീഷ്യൻ-2, റേഡിയോഗ്രാഫർ-1, ഒഫ്താൽമിക് അസിസ്റ്റന്റ്-1, ഹെൽത്ത് സൂപ്പർവൈസർ-1, ലേഡി ഹെൽത്ത് സൂപ്പർവൈസർ-1, ജെ.പി.എച്ച്.എൻ-2. മറ്റുജീവനക്കാരെ കിടക്കകളുടെ എണ്ണത്തിനും ആശുപത്രിയിൽ നിലവിലുള്ള സൗകര്യങ്ങൾക്കും അനുസരിച്ച് നിയമിക്കണം. |
| (ബി) മങ്കട മണ്ഡലത്തിലെ മങ്കട, പുഴക്കാട്ടിരി (സി.എച്ച്.സി) യിലും നിലവിലുള്ള സ്റ്റാഫ് പാറ്റേൺ അനുസരിച്ചുള്ള തസ്തികകൾ ഇല്ലാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) മങ്കട,പുഴക്കാട്ടിരി സി.എച്ച്.സി യിൽ സി.എച്ച്.സി പാറ്റേൺ അനുസരിച്ച് തസ്തികകൾ അനുവദിച്ചിട്ടില്ല. |
| (സി) ഉണ്ടെങ്കിൽ പകർച്ചവ്യാധികൾ പടരുന്ന മഴക്കാലത്തിന് മുൻപ് ആവശ്യത്തിന് ജീവനക്കാരെ പ്രസ്തുത സി.എച്ച്.സി കളിലും നിയമിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ? | (സി) അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ